(എ) കേരളത്തിലെ ട്രഷറികളിൽ പലപ്പോഴും മുദ്രപ്പത്രങ്ങൾ ആവശ്യത്തിന് സ്റ്റോക്കുണ്ടാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ വെണ്ടർമാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ട്രഷറി ഓഫീസർമാർ തക്കസമയത്ത് ജില്ലാ ട്രഷറികളിൽനിന്നും മുദ്രപ്പത്രങ്ങൾ എടുത്ത് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കാത്തതിനെപ്പറ്റി അന്വേഷിക്കുമോ;

(ഡി) പല ട്രഷറികളിലും ജനറൽ (മുദ്ര) പത്രങ്ങൾ അടക്കമുള്ള സ്റ്റോക്ക് എടുത്തുകൊണ്ട് വരുന്നതിന് ഉദ്യോഗസ്ഥന്മാർക്ക് നൽകുന്ന വാഹനക്കൂലി അടക്കമുള്ള പല ചെലവുകളും വെണ്ടർമാരിൽ നിന്നും ഈടാക്കുന്ന നടപടിയെപ്പറ്റി അന്വേഷിച്ച് ഇത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ട്രഷറികളുടെ പ്രവർത്തനം എല്ലാ നിലയിലും കൃത്യനിഷ്ഠയോടെ നടത്താൻ ട്രഷറി ആഫീസർമാർക്ക് കർശന നിർദ്ദേശം നൽകുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ട്രഷറി ആഫീസർമാർ ജില്ലാ സ്റ്റാമ്പ് ഡിപ്പോകളിൽനിന്നും കൃത്യമായി മുദ്രപ്പത്രം എടുത്ത് വിതരണം ചെയ്യുന്നുണ്ട്. അങ്ങനെ ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ചെലവുകൾ വെണ്ടർമാരിൽ നിന്നും ഈടാക്കുന്നില്ല.

(ഇ) കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

12 (*537) വയൽ നികത്തുന്നതുമൂലം നെൽപ്പാടങ്ങളുടെ വിസ്തൃതിയിൽ ഉണ്ടാകുന്ന കുറവ്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വയൽ നികത്തുന്നതുമൂലം നെൽപ്പാടങ്ങളുടെ വിസ്തൃതി കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ ഇപ്പോഴുള്ള നെൽപ്പാടങ്ങളുടെ വിസ്തീർണം എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) നെൽവയൽ നികത്തുന്നത് സംബന്ധിച്ച് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടും ഇപ്പോഴും വയൽ നികത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ അനധികൃതമായി നെൽപ്പാടം നികത്തുന്നതു സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) കേരളത്തിലുള്ള മുഴുവൻ നെൽപ്പാടങ്ങളിലും കൃഷിയിറക്കിയാൽ ആകെ എത്ര ടൺ നെല്ല് ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇപ്പോൾ എത്ര ടൺ നെല്ലാണ് ഉല്പാദിപ്പിച്ചു വരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മുഴുവൻ നെൽപ്പാടങ്ങളിലും കൃഷിയിറക്കാൻ ഇപ്പോൾ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) 3.87 ലക്ഷം ഹെക്ടറാണ് ആകെ നെൽപ്പാടങ്ങളുടെ വിസ്തീർണം (ബ്യൂറോ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് കണക്കു പ്രകാരം).

(സി) അപ്രകാരം പരാതികളുണ്ടാകുന്നുണ്ട്. പരാതികൾ കിട്ടുന്ന കേസുകളിൽ കർശനമായ നടപടികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി)&(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) നെൽപ്പാടങ്ങൾ തരിശിടുന്നത് ഒഴിവാക്കുന്നതിലേക്ക് ലക്ഷ്യ ബോധത്തോടെയുള്ള ഒരു പുതിയ കാഴ്ചപ്പാട് നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് ഗ്രൂപ്പ് പ്രവർത്തനത്തിലൂടെ നെല്ലിടസ്ഥാനത്തിലുള്ള കൃഷിസംവിധാനങ്ങളുടെ സചേതനമായ പരിപോഷണം എന്ന പദ്ധതി നടപ്പാക്കുന്നത്. നെൽകൃഷിക്ക് സാദ്ധ്യത ഏറെയുള്ളതും ഉല്പാദന വർദ്ധനവിന് സാദ്ധ്യതയുള്ളതും നെൽകൃഷി സചേതനമായി നിലനിൽക്കുമെന്നു ഉറപ്പുള്ളതുമായ പ്രദേശങ്ങളിലും പരമ്പരാഗതമായി നെൽകൃഷി തുടർന്നുവരുന്ന ഇരുപ്പുനിലങ്ങളിലും കേന്ദ്രീകരിച്ചുകൊണ്ട് എല്ലാ ശ്രമങ്ങളും സഹായങ്ങളും അവിടെ സമാഹരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൂടാതെ ഉല്പാദന ബോണസ്, വൈദ്യുതി സൗജന്യം, ജലസേചനത്തിനും നിർഗ്ഗമനത്തിനുമുള്ള സൗകര്യങ്ങൾ എന്നിവ ചെയ്തു കൊടുക്കുന്നുണ്ട്.

13 (*538) സംസ്ഥാനത്തിന് പ്രത്യേക റെയിൽവേ സോൺ

ശ്രീ. ടി.കെ. നൗഷാദ് :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. എം. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനങ്ങളിലെ റെയിൽവേ വികസനത്തിന് കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ റെയിൽവേ സോൺ അടിസ്ഥാനത്തിലാണ് പണം വകകൊള്ളിക്കുന്നതെന്ന് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ സംസ്ഥാനത്തിനു പ്രത്യേക റെയിൽവേ സോൺ ഇല്ലാത്തതുകൊണ്ടാണ് റെയിൽവേയുടെ അടിസ്ഥാന വികസന രംഗത്ത് സംസ്ഥാനത്തിനു മതിയായ പരിഗണന ലഭിക്കാത്തതെന്നത് സർക്കാരിന് ബോധ്യമായിട്ടുണ്ടോ;

(സി) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കു പ്രത്യേക റെയിൽവേ സോൺ അനുവദിച്ചിരിക്കുന്നത് സംസ്ഥാന സർക്കാരിന് അറിവുണ്ടോ;

(ഡി) എങ്കിൽ സംസ്ഥാനത്തിന് പ്രത്യേക റെയിൽവേ സോൺ അനുവദിക്കണമെന്ന ആവശ്യം എന്നെങ്കിലും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly